ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : റൂൾ 73-ൽ രണ്ടു ഭാഗങ്ങൾ പറയുന്നുണ്ട്. ഒന്ന് an estimate of recurring and non recurring – expenditure-

കറക്ടായിട്ട് ഓരോ ക്ലാസ് ആയിട്ട് പറയുന്നുണ്ട്. റെക്കറിംഗ് നോൺ റെക്കറിംഗിനെ സംബന്ധിച്ചുള്ള കറക്ട് എസ്റ്റിമേറ്റ് തരാൻ ഒക്കുന്നില്ലെങ്കിൽ പോലും ഇവിടെ ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഒരു അപ്രോക്സിമേഷൻ ആണ് കൊടുത്തിരിക്കുന്നത്. ഈ ക്ലാസിന് എതിരായിട്ട് ഒരു പ്രൊവിഷനുമില്ല. അതിനകത്ത് രണ്ടും വ്യക്തമായി പറയുന്നുണ്ട്. ഒരു എസ്റ്റിമേറ്റ് തരാൻ ഒക്കുകയില്ല. എന്നാൽ ഒരു അപ്രോക്സിമേഷൻ പറഞ്ഞാൽ 2 കോടി രൂപ വരാം ഇത്രയേ പറഞ്ഞിട്ടുള്ളൂ. അത് ഈ ക്ലാസിലെ പ്രൊവിഷനെ വയലേറ്റ് ചെയ്യുന്ന ഏതെങ്കിലും ഉണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞില്ല. ആവശ്യമില്ലയെന്നുള്ളതേ പറഞ്ഞുള്ളൂ. അത് ഒരു അപകടവും ഉള്ളതല്ല. എതിരുമല്ല. ഒരു റഫ് എസ്റ്റിമേറ്റ് of the total expenditure involved ആണ് പറയുന്നത്. അത് മെമ്പർക്ക് കുറച്ചുകൂടി ഇതിന്റെ ചെലവിനെക്കുറിച്ച് മനസ്സിലാക്കാൻ സഹായകരമാകും.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : ഇക്കൊല്ലം തന്നെ 4 കോടി രൂപ പ്ലാനിൽ ഉണ്ട്. ഇവിടെ അപ്പലേറ്റ് ട്രൈബ്യൂണൽ പുതുതായി വരുന്നുണ്ട്. ആ അപ്പലേറ്റ് ട്രൈബ്യൂണലിനും സഞ്ചിതനിധിയിൽ നിന്നും പണം ചെലവഴിക്കേണ്ടി വരും. അതിന്റെ റൂൾസ് ഒക്കെ വരുമ്പോഴേ അവർക്ക് കൊടുക്കേണ്ട സാലറിയും മറ്റു കാര്യങ്ങളും ഫിക്സ് ചെയ്യാൻ കഴിയുകയുള്ളൂ. ഇപ്പോൾ ഫിക്സ് ചെയ്യാൻ കഴിയുകയില്ല. അങ്ങനെയാണ് രണ്ടു കോടിയിലധികം രൂപ എന്നു പറയുന്നത്.

ശ്രീ. ടി.എം. ജേക്കബ് : ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രി 50 ലക്ഷം രൂപ ട്രൈബ്യൂണലിനുവേണ്ടി വരും എന്നു പറഞ്ഞു. അപ്പോൾ ഞാൻ പറഞ്ഞതിന് ഒന്നുകൂടി ഒരു വ്യക്തതയുണ്ടായിരിക്കുകയാണ്. recurring and non-recurring expenditure കൃത്യമായി പറയണം. പറയാൻ കഴിയുന്നില്ലെങ്കിൽ അത് മനസ്സിലാക്കാം. അത് എഗ്രി ചെയ്യുന്നു. പക്ഷേ ബഹുമാനപ്പെട്ട ഇപ്പോഴത്തെ സ്പീക്കർ തന്നെ നൽകിയിരിക്കുന്ന ഒരു റൂളിംഗ് ഉണ്ട്. ഞാൻ അതു വായിച്ച് സമയം കളയുന്നില്ല. അത് വച്ചിട്ട് ഇത് കൃത്യമായി എസ്റ്റിമേറ്റ് ചെയ്യാൻ സാദ്ധ്യമല്ല. അപ്പോൾ ഒരു ട്രൈബ്യൂണൽ വന്നാൽ 50 ലക്ഷം രൂപ എക്സ്പെന്റിച്ചർ. 4 കോടി രൂപ സ്പോർട്സ് കൗൺസിലിന്റെ കാര്യത്തിന് ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. നിങ്ങൾ ഈ അഡീഷണലായിട്ട് രണ്ടു കോടി രൂപയെന്ന് പറയുന്നത് വെറുതെ ഒരു കണക്ക് പറയുകയാണ്. അത് അങ്ങനെ പറയേണ്ട കാര്യമില്ലല്ലോ. Can you estimate the amount exactly? No. അങ്ങനെയുള്ള സാഹചര്യം അപ്രോക്സിമേറ്റായിട്ട് പറയാൻ കഴിയാത്തിടത്തോളം അപ്രോക്സിമേറ്റായിട്ട് പറയാൻ കഴിയുന്നില്ല എന്ന് പറഞ്ഞാൽ മതി. അതാണ് എന്റെ പോയിന്റ്.

റൂളിംഗ്

ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവുകൾ വ്യക്തമായി പ്രതിപാദിക്കേണ്ടതു സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ടി.എം. ജേക്കബ് ഉൾപ്പെടെയുള്ള ആളുകൾ ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ട്. ഇമ്മാതിരിയുള്ള വിഷയങ്ങൾ അങ്ങ് പറഞ്ഞിട്ടുമുണ്ട്. ഇത് ഇവിടെ തുടർന്നു വരുന്ന ഒരു പ്രാക്ടീസാണ്. ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഈ കാര്യങ്ങൾ ഉണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇവിടെ തുടർന്നു വരുന്ന ഒരു പ്രാക്ടീസ്, ഇതിനെ സംബന്ധിച്ച് കൃത്യമായി പറയാൻ കഴിയില്ല എന്ന നിലയിൽ തുടരുന്ന ഒരു പ്രാക്ടീസാണ്. അത് തുടർന്നു തന്നെ പോകണം എന്ന് ചെയർ ആഗ്രഹിക്കുന്നില്ല. എങ്ങനെ അതിനെ ഭേദഗതി വരുത്താം, എങ്ങനെ അതിന്റെ സ്ട്രിക്റ്റ് സെൻസിൽ അതിനെ ഇംപ്ലിമെന്റ് ചെയ്യാൻ കഴിയും എന്നുള്ളത് കുറച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. അത് ബന്ധപ്പെട്ട നിയമവകുപ്പുമായും ധനകാര്യ വകുപ്പുമായും ഡിസ്ക്കസ് ചെയ്ത് നമുക്ക് അതിന് ഒരു തീരുമാനം ഭാവിയിൽ കൈക്കൊള്ളാം എന്നു മാത്രമേ എനിക്ക് പറയാൻ കഴിയുന്നുള്ളൂ. ഏതായാലും അത് കേട്ടു. അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടു. മറുപടി കേട്ട്. അത് അംഗീകരിച്ചു. ഇനി ഇതിന്റെ തുടർന്നുള്ള ചർച്ചയിലേക്ക് കടക്കാം. അതുകൊണ്ട് ശ്രീ. ടി.എം. ജേക്കബിന്റെ ഒബ്ജക്ഷൻ നിലനിൽക്കത്തക്കതല്ല എന്ന് ചെയർ റൂൾ ചെയ്യുന്നു.

ഓർഡർ.....ഓർഡർ.....

നിയമനിർമ്മാണ കാര്യം (തുടർച്ച)

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : കേരളത്തിൽ കായികരംഗം ഒരു പരിവർത്തന ഘട്ടത്തിലാണ്. അതുകൊണ്ടുതന്നെ കഴിഞ്ഞ നാല് പതിറ്റാണ്ടുകളായി എന്റെ മുൻഗാമികൾ ഇത്തരത്തിൽ ബിൽ കൊണ്ടു വരുന്നതിനുവേണ്ടിയുള്ള നല്ല ശ്രമം നടത്തിയിരുന്നു. പല കാരണങ്ങൾ കൊണ്ടു സാധിച്ചില്ല. ഇന്ന് അങ്ങയുടേയും സഭാനേതാവിന്റേയും പ്രതിപക്ഷ നേതാവിന്റെയും സഭാ നേതാക്കളുടേയും എല്ലാം സഹായ സഹകരണങ്ങൾ കൊണ്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവരാൻ ഇടയായത്. എനിക്ക് നന്ദിയുണ്ട്. ആ നന്ദി കായിക കേരളത്തിന്റെ നന്ദിയാണ്. അവർ ഇക്കാര്യത്തിൽ സഭയേയും അങ്ങയേയും ഒക്കെ ഓർമ്മിക്കുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല. കേരളത്തിന്റെ കായിക രംഗം ചരിത്രത്തിലെ സ്വർണ്ണ ലിപികളാൽ രചിക്കപ്പെടുന്ന ഒരു മുഹൂർത്തമായിരിക്കും ഇത് എന്നാണ് എനിക്ക് പറയാനുള്ളത്. കാരണം ഇന്ത്യയിലെവിടെയും ഇത്തരത്തിലുള്ള ബിൽ ഇതുവരെ കൊണ്ടു വന്നിട്ടില്ല. കുറെ കൊല്ലങ്ങളായി കേട്ടുകൊണ്ടിരിക്കുന്നതാണ്. ഇന്ത്യാ ഗവണ്മെന്റ് ഇത്തരത്തിലുള്ള ഒരു ചർച്ച നടത്തിയെങ്കിലും അവസാനത്തിലേക്ക് എത്തിയിട്ടില്ല. നമ്മുടെ സംസ്ഥാനത്ത് കായിക രംഗം ഇന്ന് അഭിമുഖീകരിക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾ, ആ പ്രശ്നങ്ങൾക്ക് ക്രിയാത്മകമായി പരിഹാരം കാണാൻ ഉപാധികൾ അടങ്ങിയ ഒരു ബില്ലാണിത്. ആ ബിൽ ഇന്ന് ഇന്ത്യയിൽ ഇത്തരത്തിൽ ആദ്യത്തേതാണ്. ആ കൂട്ടത്തിൽ തന്നെ ഈ നിയമസഭ ഗൗരവത്തോടെ അംഗീകരിച്ചതും ഇപ്പോൾ കേരളത്തിൽ ചർച്ച ചെയ്യപ്പെടുന്നതുമായ പഞ്ചായത്ത് രാജ് നഗരപാലികാ ബില്ലിന്റെയും ജനകീയാസൂത്രണത്തിന്റെയും തത്വങ്ങളിൽ ഒതുങ്ങി നിന്നു കൊണ്ടാണ് ഈ ബില്ലിന് രൂപം കൊടുത്തിരിക്കുന്നത്.

[12 Noon]

സർ, ഇന്ന് നിലവിലുള്ള സംവിധാനമനുസരിച്ച് കേരളാ സ്പോർട്സ് കൗൺസിലും, സ്പോർട്സ് വകുപ്പും സ്പോർട്സിന്റെ പുരോഗതിക്ക് വളരെയേറെ സംഭാവനകൾ ചെയ്തിട്ടുണ്ടെങ്കിൽത്തന്നെയും നമ്മുടെ സംസ്ഥാനത്ത് മൊത്തം യുവജനങ്ങൾക്കും പങ്കെടുക്കാൻ ഇത്തരത്തിൽ കഴിയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly